പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2058 26.03.2013 -ൽ മറുപടിക്ക്

റയിൽവേ പാത ഇരട്ടിപ്പിക്കൽ

ചോദ്യം

ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു
ശ്രീമതി. ഗീതാ ഗോപി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാത ഇരട്ടിപ്പിക്കലിനായി അനുവദിച്ച തുക റയിൽവേക്ക് തിരിച്ചു നൽകിയിട്ടുള്ളതായി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക അനുവദിച്ചു, എത്ര തുക തിരിച്ചു നൽകി; | (എ) | ഇല്ല. 2012-13 സാമ്പത്തിക വർഷം പാത ഇരട്ടിപ്പിക്കലിനായി സംസ്ഥാനത്ത് ആകെ 130 കോടി രൂപ റെയിൽവേ വകയിരുത്തുകയുണ്ടായി. |
| (ബി) | പാത ഇരട്ടിപ്പിക്കൽ ജോലികൾ നിറുത്തിവയ്ക്കുന്നതായി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ നിറുത്തിവയ്ക്കുന്നതെന്തുകൊണ്ടാണെന്ന് അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത ജോലിക്ക് ആവശ്യമായ മണ്ണ് ലഭിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടിയെടുക്കാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. മണ്ണ് ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അഡീഷണൽ ചീഫ് സെക്രട്ടറി (ഗതാഗതം) ത്തിന്റെ അദ്ധ്യക്ഷതയിൽ 05.02.2013 -ലും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.02.2013 -ലും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടേയും മൈനിംഗ് & ജിയോളജി വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിക്കുകയും റെയിൽവേയ്ക്ക് ആവശ്യമായ മണ്ണ് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി 31.03.2013 -ന് മുൻപായി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ